പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

10.03.2020 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1716

## എക്സ്റേ സ്കാനറുകൾ ഘടിപ്പിച്ച വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന സർക്കാർ എക്സ്റേ സ്കാനറുകൾ ഘടിപ്പിച്ചിട്ടുള്ള രണ്ട് വാഹനങ്ങൾ വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന് സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോ; | എ) പോലീസ് വകുപ്പ് സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ വകുപ്പുകളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ച് സുതാര്യമായ സംഭരണ നടപടിക്രമങ്ങൾ അവലംബിക്കുന്നു എന്ന് കേരള സർക്കാർ ഉറപ്പുവരുത്തണം എന്ന് സി & എ.ജി ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പർച്ചേയ്സുകൾക്കും സേവന കരാറുകൾക്കും പ്രത്യേകം മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) മുൻ സർക്കാർ നടത്തിയ ടെൻഡർ നടപടികളിൽ മതിയായ യോഗ്യത ഇല്ലാത്തതിനാൽ മാറ്റി നിർത്തിയ കമ്പനിയിൽ (എസിൽ റാപിസ്കാൻ) നിന്നും കെൽട്രോൺ എക്സ്റേ സ്കാനുകൾ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ECIL Rapiscan Ltd ന് യോഗ്യത ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | സി) സി & എ.ജി യുടെ റിപ്പോർട്ട് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. അതോടൊപ്പം സി & എ.ജി യുടെ നിരീക്ഷണം കണക്കിലെടുത്ത് ചുവടെ ചേർക്കുന്ന തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്.<br>സർക്കാർ വകുപ്പുകളിൽ പർച്ചേയ്സുകൾ നടത്താനും സേവന കരാർ ഉറപ്പിക്കാനും ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ് (ടി.എസ്.പി) ന്റെ സേവനം ഉപയോഗിക്കാറുണ്ട്. ഇത് പൊതുമേഖല സഹകരണ സ്ഥാപനങ്ങൾ മുഖേനയാണ് നടത്തിവരുന്നത്. ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ് വഴി നടത്തുന്ന കരാറുകളിലും പർച്ചേഴ്സുകളിലും ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന കാര്യം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ